# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കപ്പൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ (പി.കെ.ഡി)- പി.20/1837/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 19/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കപ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെ.ഡി)-പി.20/1837/2023 തീയ്യതി: 19/12/2023

## പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-03-2023 മുതൽ 21-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 22-11-2023 | 30-11-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-11-2023 | 30-11-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(HG)

ശ്രീമതി.താരിഖ്.എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ആതിര.എച്ച്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ഗീത.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷറഫുദീൻ.കെ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ജയാനൻ.കെ | സെക്രട്ടറി | 01-04-2022 | 04-05-2022 |
| ശ്രീ.പ്രദീപ്കുമാർ.ജി | സെക്രട്ടറി | 05-05-2022 | 23-06-2022 |
| | | 13-08-2022 | 30-09-2022 |
| ശ്രീമതി.പ്രീത.എൻ.കെ | സെക്രട്ടറി | 24-06-2022 | 12-08-2022 |
| | | 01-10-2022 | 07-10-2022 |
| ശ്രീമതി.ബിജുമോൾ.എം | സെക്രട്ടറി | 08-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സീനത്ത്.കെ.ടി | കൃഷി ഓഫീസർ | 01-04-2022 | 16-08-2022 |
| ശ്രീമതി.ഷഹ്ന ഹംസ.എൻ.എച്ച് | കൃഷി ഓഫീസർ | 17-08-2022 | 31-03-2023 |
| ഡോ.പി.കെ.പ്രതാപ്. | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-05-2022 |
| ഡോ.സുജിത് | വെറ്ററിനറി സർജ്ജൻ | 01-06-2022 | 08-08-2022 |
| ഡോ.ബാലൻ | വെറ്ററിനറി സർജ്ജൻ | 09-08-2022 | 31-03-2023 |
| ശ്രീമതി.ഷഹ്ന.പി.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സരിത.കെ.പി | വി.ഇ.ഒ-1 | 01-04-2022 | 12-05-2022 |
| ശ്രീ.പ്രവീൺ.എ.പി | വി.ഇ.ഒ-1 | 13-05-2022 | 20-12-2022 |
| ശ്രീ.ശിവരാജ് | വി.ഇ.ഒ-1 | 21-12-2022 | 31-03-2023 |
| ശ്രീ.സജിമോഹൻദാസ്.എ.കെ | വി.ഇ.ഒ-2 | 01-04-2022 | 31-03-2023 |
| ഡോ.കൃഷ്ണദാസ്.പി.കെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.ബിജുമോൻ ജോസഫ് | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 05-05-2022 |
| ഡോ.വിപിൻകിഷോർ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 06-05-2022 | 31-03-2023 |
| ശ്രീമതി.ജിഷ.എം.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ദീപ്തി.ടി.ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.വസന്ത.പി | എച്ച്.എം | 01-04-2022 | 06-05-2022 |

| | | | |
|---|---|---|---|
| ശ്രീ.ദേവരാജ്.പി | എച്ച്.എം | 07-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ ലഭ്യമായില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ കൃത്യതയില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-3 |
| 5 | സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായ തുകകളുടെ ബാക്കി അക്കൗണ്ടിൽ പ്രതിഫലിക്കുന്നില്ല | 1-1-4 |
| 6 | വാർഷിക കണക്കിലെ ഗുണഭോക്തൃവിഹിതം നീക്കിയിരിപ്പിൽ കൃത്യമല്ല | 1-1-5 |
| 7 | ഹെൽത്ത് ഗ്രാന്റ് ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല | 1-1-6 |
| 8 | മുൻകൂർ, ഡെപ്പോസിറ്റ് രജിസ്റ്ററുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ | 1-11 |
| 19 | 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തലും വസ്തുനികുതിയുടെ അവലോകനവും | 1-12 |
| 20 | വസ്തുനികുതി- കെട്ടിട നമ്പറിൽ തുടർച്ച ഇല്ല | 1-13-1 |
| 21 | അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-13-2 |
| 22 | വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-13 |
| 23 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-14 |
| 24 | ഉപയോഗശൂന്യമായ വാഹനം കൈയൊഴിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-15 |
| 25 | തുല്യതാ പരിപാടി- മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ് | 1-16 |
| 26 | ലൈഫ് ഭവനം- അഡീഷണൽ ലിസ്റ്റ്- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-17 |

| | | |
|---|---|---|
| 27 | MGNREGS പ്രവൃത്തികൾക്കുള്ള മെറ്റീരിയലുകളുടെ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-18 |
| 28 | കോക്ലിയർ ഇംപ്ലാന്റേഷൻ- വിനിയോഗ രേഖ ഹാജരാക്കേണ്ടതാണ് | 1-19 |
| 29 | ഡയാലിസിസ് യൂണിറ്റിന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-20 |
| 30 | പാലിയേറ്റീവ് കെയർ-ഡ്രൈവർക്ക് അധിക വേതനം നൽകി | 1-21 |
| 31 | പാലിയേറ്റീവ് കെയർ പദ്ധതി - വാഹന പരിപാലനത്തിലെ അപാകതകൾ | 1-22 |
| 32 | എ.ബി.സി പ്രോഗ്രാം വിനിയോഗ വിവരം ലഭ്യമായില്ല | 1-23 |
| 33 | കറവപ്പശുക്കൾക്കുള്ള കാലിത്തീറ്റ പൂർണ്ണമായും വിതരണം ചെയ്തില്ല | 1-24 |
| 34 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ | 1-25 |
| 35 | ടേക് എ ബ്രേക് ശൗചാലയം - ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ് | 1-26 |
| 36 | മരാമത്ത് പ്രവൃത്തിയുടെ സൈറ്റ് ഹാന്റ്ഓവർ ചെയ്തതിൽ കാലതാമസം | 1-27 |
| 37 | തുമ്പൂർമുഴി മാലിന്യ സംസ്കരണ പ്ലാന്റുകളുടെ തുടർപരിപാലനം ഉറപ്പാക്കേണ്ടതാണ് | 1-28 |
| 38 | VEO, കൃഷി ഓഫീസ് നവീകരണം - പൊളിച്ചു മാറ്റിയ മരം, സ്റ്റീൽ സാമഗ്രികൾ കയ്യൊഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-29 |
| 39 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - ഫലപ്രാപ്തി ഉറപ്പാക്കേണ്ടതാണ് | 1-30 |
| 40 | ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയില്ല | 1-31 |
| 41 | അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയില്ല | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ  അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക-വിവിധ സംക്ഷിപ്ത പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2/11-7-2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ** മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക്

വിധേയമായി, **കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ** 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തിയതി : 19.12.2023

ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ ലഭ്യമായില്ല**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011 ചട്ടം 62(ഇ)(എഫ്) അനുസരിച്ചുള്ള അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ കൃത്യതയില്ല**

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7522482/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിലെ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3566100/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ ആസ്തി മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കാനായില്ല.

**1-1-4 സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായ തുകകളുടെ ബാക്കി അക്കൗണ്ടിൽ പ്രതിഫലിക്കുന്നില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ബ്ലോക്ക് പഞ്ചായത്ത് 5,09,334/- രൂപയും ജില്ലാ പഞ്ചായത്ത് 249,812/- രൂപയുമാണ്. RP40(b), B17 എന്നിവ പ്രകാരമുള്ള ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ആയത് പ്രതിഫലിക്കുന്നില്ല.

**1-1-5 വാർഷിക കണക്കിലെ ഗുണഭോക്തൃവിഹിതം നീക്കിയിരിപ്പിൽ കൃത്യമല്ല**

മുൻവർഷത്തെ ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പ് 792200 രൂപയും RP30 പ്രകാരം തൻവർഷത്തെ ഗുണഭോക്തൃ വിഹിതം വരവ് 1086338 രൂപയുമാണ്. വിവിധ പ്രോജക്ടുകൾ പ്രകാരമുള്ള ഗുണഭോക്തൃ വിഹിതം ഇനത്തിലെ

ചെലവ് 1194316 രൂപയാണ്. 684222 രൂപയാണ് നീക്കിയിരിപ്പായി വരേണ്ടത്. എന്നാൽ വാർഷിക കണക്കിലെ B4 ഷെഡ്യൂളിൽ ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള തുക 858012 രൂപയാണ്. ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പിലെ അപാകത പരിഹരിച്ചിട്ടില്ല.

## 1-1-6 ഹെൽത്ത് ഗ്രാന്റ് ശരിയായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല

ഹെൽത്ത് ഗ്രാന്റ് - Diagnostic Infrastructure To The PHCs വരവ് 154995 രൂപയാണ്. ഹെൽത്ത് ഗ്രാന്റ്- Towards Conversion Of PHCs And Subcentres In To Health And Wellness Centres വരവ് 310503 രൂപയാണ്. ഗ്രാന്റുകൾ National Health Mission (320100149) എന്നീ ശീർഷകത്തിലാണ് വരവ് വെച്ചിട്ടുള്ളത്.

## 1-1-7 മുൻകൂർ, ഡെപ്പോസിറ്റ് രജിസ്റ്ററുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

മുൻകൂർ, ഡെപ്പോസിറ്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ അനുസരിച്ചും സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായും വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

17-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

15/03/2023ലെ തീരുമാനം നം. 2(1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 22,35,036 |
| തൻവർഷം വരവ് | 20,18,53,400 |
| ആകെ വരവ് | 20,40,88,436 |
| ചെലവ് | 20,17,40,000 |
| നീക്കിയിരിപ്പ് | 23,48,436 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായും കാണുന്നില്ല. വിവിധയിനം വരവുകളും

ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21064518 |
| വരവ് | 47617048 |
| ആകെ | 68681566 |
| ചെലവ് | 40094566 |
| നീക്കിയിരിപ്പ് | 28587000 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 24906000 | 24906000 | 22331659 | 2574341 |
| വികസന ഫണ്ട് –എസ്. സി.പി | 0 | 9447000 | 9447000 | 8405629 | 1041371 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 10328000 | 10328000 | 7930126 | 2397874 |
| മെയ്ന്റ നൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5144000 | 5144000 | 4303310 | 840690 |
| CFC-അൺ ടൈഡ് ഗ്രാന്റ്-New (*) | 460080 | 3614816 | 4074896 | 3486149 | 588747 |
| CFC-അൺ ടൈഡ് ഗ്രാന്റ്-Spillover | 0 | 1115554 | 1115554 | 13316 | 1102238 |
| CFC- ടൈഡ് ഗ്രാന്റ്-New | 3660000 | 5095000 | 8755000 | 2821454 | 5933546 |
| CFC-ടൈഡ് ഗ്രാന്റ്-Spillover | 0 | 4282321 | 4282321 | 1652862 | 2629459 |
| Health Grant-Diagnostic Infrastructure | 0 | 310503 | 310503 | 173790 | 136713 |
| Health Grant-Conversion Of PHCs | 0 | 154995 | 154995 | 0 | 154995 |

(*) അൺടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 3397000 രൂപയാണ്. പലിശയിനത്തിൽ ലഭ്യമായ 217816 രൂപ കൂടി ഉൾപ്പെടുത്തിയാണ് വാർഷിക കണക്കിൽ വരവ് ചേർത്തിട്ടുള്ളത്.

**കേന്ദ്രാവിഷ്കൃതം**

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ ലാപ്സ് ആയ |
|---|---|---|---|---|---|

| | | | | | തുക |
|---|---|---|---|---|---|
| ICDS | 240726 | 1914926 | 2155652 | 1078870 | 1076782 |

**ബി) തൊഴിലുറപ്പു പദ്ധതി**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1429695 | 1429695 | 1426353 | 3342 |
| തൊഴിലാളികളുടെ വേതനം | 0 | 16002217 | 16002217 | 16002217 | 0 |
| ആകെ | 0 | 17431912 | 17431912 | 17428570 | 3342 |

വാർഷിക കണക്ക് പ്രകാരമുള്ള I6+B3 തുകയും I 14(C)+I 14(F) തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല.

**സംസ്ഥാനാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 1445220 | 0 | 1445220 | 1256133 | 189087 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 258 | 110888152 | 191 | 59364590 | 0 | 67 | 74 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 12 | 6907280 | 5423830 | 79 |
| വെറ്ററിനറി സർജ്ജൻ | 9 | 9 | 5292080 | 2448336 | 46 |
| മെഡിക്കൽ ഓഫീസർ-PHC | 12 | 7 | 2511000 | 1740086 | 69 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 2 | 2 | 1100000 | 1100000 | 100 |
| എച്ച്.എം | 8 | 5 | 1320000 | 948050 | 72 |
| വി.ഇ.ഒ -1 | 17 | 12 | 15137940 | 2759490 | 18 |
| വി.ഇ.ഒ -2 | 15 | 10 | 21812070 | 7218606 | 33 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 5764990 | 5269314 | 91 |
| സെക്രട്ടറി | 34 | 18 | 7217709 | 4042696 | 56 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 133 | 103 | 42190083 | 26941082 | 64 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 200000 | 100000 | 50 |
| അസി.സെക്രട്ടറി | 3 | 3 | 1435000 | 1373100 | 96 |
| ആകെ | 258 | 191 | 110888152 | 59364590 | 54 |

## 1-6 തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1429695 | 1429695 | 1426353 | 3342 |
| തൊഴിലാളികളുടെ വേതനം | 0 | 16002217 | 16002217 | 16002217 | 0 |
| ആകെ | 0 | 17431912 | 17431912 | 17428570 | 3342 |

വാർഷിക കണക്ക് പ്രകാരമുള്ള I6+B3 തുകയും I 14(C)+I 14(F) തുകയും പരസ്പരം പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1587200 | 106 |
| 2 | വിധവാ പെൻഷൻ | 14845800 | 1279 |
| 3 | വാർദ്ധക്യകാല പെൻഷൻ | 28274000 | 2540 |
| 4 | വികലാംഗ പെൻഷൻ | 3725800 | 300 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 795200 | 70 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-11-2023 ന് സ്ഥാപനത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 26693 രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ വിവിധ തലങ്ങളിൽ ഉണ്ടായതായി കാണുന്നില്ല.

ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും ചെലവഴിച്ചതിന്റെയും കൃത്യമായ കണക്കുകൾ ILGMS ൽ അക്കൗണ്ട് ചെയ്യാത്തതിനാൽ ബാലൻസ് ഷീറ്റിൽ യഥാർത്ഥത്തിൽ ഉള്ള നീക്കിയിരിപ്പിനേക്കാളും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുണ്ട്.

വസ്തു നികുതി പരിഷ്കരണ നടപടികൾ കാര്യക്ഷമമായി നടക്കുന്നില്ലെന്ന് വിവിധ രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

ലൈസൻസ് അനുവദിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ല.

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

3/2009 ൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-98 മുതൽ 1999-2000 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 1/23 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

## 1-11 ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162(എ)(എ)(i) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നീ വിഷയങ്ങൾ കൈകാര്യ ചെയ്യേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്.

പുതിയ തനത് വരുമാന മേഖലകൾ നിർദ്ദേശിക്കുന്നതിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ആയത് സമാഹരിക്കുന്നതിലും വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റ്-പിരിവ് പുരോഗതി അവലോകനം നടത്തുന്നതിനും മുൻവർഷങ്ങളിലെയും തൻവർഷത്തേയും വരവിനങ്ങൾ സാമ്പത്തിക വർഷാവസാനം പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലും ഉള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

### എ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം, തീരുമാനങ്ങൾ

2000 ലെ കേരള പഞ്ചായത്ത്രാജ്(സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റി മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടന്ന് മിനിട്ട്സ് പരിശോധിച്ചതിൽ ബാധ്യപ്പെട്ടു. ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, നികുതി പിരിവ് പുരോഗതി വിലയിരുത്തുക, പൊളിച്ചു നീക്കിയ കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കുക, വിമുക്തഭടൻമാരുടെ കെട്ടിട നികുതി ഒഴിവാക്കൽ, നികുതി പിരിവ് പുരോഗതി വിലയിരുത്തൽ, എന്നീ

തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്.

**ബി) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ബജറ്റും**

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ പ്രധാന ബജറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|
| എ) നികുതി | | | | |
| 1 | വസ്തു നികുതി | 42,45,063 | 56,00,000 | 52,00,000 |
| 2 | തൊഴിൽ നികുതി | 11,72,240 | 13,00,000 | 13,00,000 |
| ബി) നികുതിയേതരം | | | | |
| 3 | ലൈസൻസ് ഫീസ് | 1,12,545 | 2,00,000 | 2,25,000 |
| 4 | പെർമിറ്റ് ഫീസ് | 2,83,206 | 3,50,000 | 4,50,000 |

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നികുതി, നികുതിയേതര വർദ്ധനവിനായി പുതിയ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉണ്ടായിട്ടില്ല.

**സി) ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം**

2022-23 വർഷത്തെ ഏതാനും ഇനങ്ങളുടെ ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും താരതമ്യം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രധാന വരവുകൾ | 2022-2023 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവ്(₹) | 2022-2023 വർഷത്തെ യഥാർത്ഥ വരവ്(₹) |
|---|---|---|
| വസ്തു നികുതി | 52,00,000 | 46,91,176 |
| തൊഴിൽ നികുതി | 13,00,000 | 10,80,302 |
| ലൈസൻസ് ഫീസ് | 2,25,000 | 1,32,260 |
| പെർമിറ്റ് ഫീസ് | 4,50,000 | 1,52,250 |

മേൽ ഇനങ്ങളിൽ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്.

**ഡി) പുതുക്കിയ വസ്തുനികുതി പരിഷ്കരണം-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ**

1-4-2023 മുതൽ പുതുക്കിയ വസ്തുനികുതി പരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക തീരുമാനം എടുത്ത് ശുപാർശ സമർപ്പിച്ചിട്ടില്ലെന്ന് മിനിട്സ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

മേൽ വിഷയത്തിൽ അഭിപ്രായം അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 3/23-11-2023 ന് വസ്തുനികുതി സർക്കാർ ഉത്തരവ് പ്രകാരമായതിനാലാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രത്യേക അജണ്ട വെച്ച് ചർച്ച ചെയ്യാതെ നേരിട്ട് ഭരണസമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. സേവന ഉപനികുതി ചുമത്തുന്നതുൾപ്പടെയുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട മുഴുവൻ നടപടികളും തൊട്ടടുത്ത സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ തന്നെ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1)) സാമ്പത്തിക നിയന്ത്രണത്തിന്റെ മുഖ്യ ഇനമാണ് ബജറ്റ് പ്രക്രിയ എന്നതിനാൽ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ബജറ്റ് നടപടികൾ കാര്യക്ഷമമാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ക്രിയാത്മക ഇടപെടൽ ഉണ്ടാകേണ്ടതാണ്.

2) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

**1-12 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തലും വസ്തുനികുതിയുടെ അവലോകനവും**

**I) 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**1) വസ്തു നികുതി പരിഷ്കരണം – പ്രധാന ഉത്തരവുകൾ**

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.
2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം.

**2) 2023 ലെ വസ്തുനികുതി പരിഷ്കരണം - നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിവരം**

**എ) വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ**

എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം എല്ലാ കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

**ബി) കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ**

മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് ഫോറം 9ബി യിൽ അറിയിക്കാവുന്നതാണ്. സമയപരിധി 15-05-2023 തീയതിയാണ്.

നാളിതുവരെ 337 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം ഫോറം 9B യിൽ അറിയിച്ചിട്ടുള്ളത്.

**സി) കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന**

ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ

ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു.

ഫീൽഡ് പരിശോധന / വിവരശേഖരണം ആരംഭിച്ചിട്ടുണ്ട്.

<u>സി) വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കുള്ള നിയമനം</u>

വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. വിവര ശേഖരണത്തിന് സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ വിവരം ലഭ്യമാക്കുന്നതിന് 5/10/23 ന് ഫയൽ നമ്പർ എസ്.സി 3-6990/23 കത്ത് പ്രകാരം ട്രെയിനിംഗ് ഓഫീസർ, RI Centre, ITI മലമ്പുഴയ്ക്ക് കത്ത് നല്കിയിട്ടുണ്ട്.

രണ്ട് പേർ മാത്രമാണ് നിലവിൽ ഫീൽഡ് പരിശോധന/ഡാറ്റാ എൻട്രി നടത്താൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്.

<u>ഡി) വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം</u>

സർക്കാർ ഉത്തരവുകൾ കണക്കിലെടുത്ത് ഗ്രാമപഞ്ചായത്തിന്റെ 8/06/23 തീയതിയിലെ എസ്.സി1-4098/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്(29/04/23 ലെ ഭരണസമിതി തീരുമാനം 1/1). 10-06-23 തീയതിയിലെ പത്രങ്ങളിൽ പരസ്യം ചെയ്തിട്ടുണ്ട്. പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ 22/08/2023 തീയതിയിലെ എസ്.സി1-4098/2023 നം. ഉത്തരവ് പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് (ഭരണസമിതി തീരുമാനം 10/08/23 ലെ 9/1). 25-08-23 തീയതിയിലെ പത്രങ്ങളിൽ പരസ്യം ചെയ്തിട്ടുണ്ട്. ആയത് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്

അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

<u>എഫ്) വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും</u>

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരം തിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്.
പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

<u>II) വസ്തുനികുതി – അവലോകനം</u>

<u>എ) നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോധന</u>

അനധികൃത ഇളവുകൾ നൽകിയതായി കാണുന്നില്ല.

<u>ബി) വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ</u>

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ)നം.36/2015/തസ്വഭവ തിയതി 24-02-2015)), സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>സി) അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി</u>

സഞ്ചയയിലെ വസ്തുനികുതി നിർണ്ണയവിവരങ്ങൾ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച 2 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്. ഈ കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കിയിട്ടുണ്ട്.

**ഡി) മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത**

ഗ്രാമപഞ്ചായത്ത് പരിധിയിൽ 4 മൊബൈൽ ടവറുകളാണ് സ്ഥിതിചെയ്യുന്നത്. അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 450 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഇല്ല.

**ഇ) ILGMS ൽ ക്യാൻസൽ ചെയ്ത രസീതികൾ സഞ്ചയ (വസ്തു നികുതി) യിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കൽ**

ILGMS ൽ ക്യാൻസൽ ചെയ്ത ഏതാനും രസീതികളിലെ തുകകൾ സഞ്ചയയിലെ ഡാറ്റയുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടില്ല.

**III. സേവന ഉപനികുതി**

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപ നികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

1. ശുചിത്വ പരിപാലനം - 4%
2. ജല വിതരണം - 3%
3. തെരുവു വിളക്കുകൾ - 2%
4. ഡ്രൈനേജ് - 1%

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി പുറപ്പെടുവിച്ച സ.ഉ(കൈ)നം.77/ 2023/LSGD തിയതി 22-3-2023 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിലവിൽ സേവന ഉപനികുതി ചുമത്താത്ത ഗ്രാമപഞ്ചായത്തുകൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യത പരിശോധി ച്ചിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

- വസ്തുനികുതി പരിഷ്ക്കരണ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
- ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 06/27.11.2023 പ്രകാരം വിഷയം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്)

## 1-13-1 വസ്തുനികുതി- കെട്ടിട നമ്പറിൽ തുടർച്ച ഇല്ല

സഞ്ചയ ഡാറ്റാബേസ് പ്രകാരം 12-ാം വാർഡിൽ കെട്ടിട നമ്പർ 467C യ്ക്ക് ശേഷം 500A എന്ന കെട്ടിട നമ്പറാണ് അസസ്മെന്റ് രജിസ്റ്ററിൽ അനുവദിച്ചിരിക്കുന്നത്. 468 മുതൽ 499 വരെയുള്ള നമ്പറുകൾ സഞ്ചയയിൽ ഉൾപ്പെട്ടതായി കാണുന്നില്ല. 468 മുതൽ 499 വരെ നമ്പറുകളുള്ള കെട്ടിടങ്ങൾ സഞ്ചയയിലെ Demolished Building Details വിഭാഗത്തിൽ ഉൾപ്പെട്ടിട്ടില്ലെന്ന് സഞ്ചയ ഡാറ്റ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. പ്രസ്തുത നമ്പറുകൾ യഥാർത്ഥത്തിൽ കെട്ടിടങ്ങൾക്ക് അനുവദിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയവ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കാത്തതിന്റെ കാരണവും വ്യക്തമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം 11-27/11/23 ന് മറുപടി ലഭ്യമാക്കിയില്ല.
ഫീൽഡ് പരിശോധന നടത്തി പ്രസ്തുത നമ്പറുകൾ കെട്ടിടങ്ങൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിൽ അവ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

## 1-13-2 അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235എഐ ഉപവകുപ്പ് 4 പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പർ, വസ്തു ഉടമയുടെ പേരുവിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യേക നമ്പർ, കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തു നികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്ററുകൾ വാർഡ് തിരിച്ച് സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2022-23 വർഷത്തെ വിവരം ഉൾപ്പെടുത്തി അനധികൃത കെട്ടിടനിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11-27/11/23) മറുപടി ലഭ്യമാക്കിയിട്ടില്ല.
രജിസ്റ്റർ തയ്യാറാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-13 വസ്തുനികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

വസ്തു നികുതി പരിശോധനയിന്മേലുള്ള കണ്ടെത്തലുകൾ തുടർഖണ്ഡികകളായി ചേർക്കുന്നു.

## 1-14 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ, ലൈസൻസ് അപേക്ഷകൾ,

ലൈസൻസ് ഡിമാന്റ് രജിസ്റ്റർ എന്നിവ താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | ലൈസൻസ് നമ്പർ |
|---|---|---|---|
| 1 | മാൽവിയോ ഇംപെക്സ് 10/150ഐ | 5 | B2/1354 /22-23(24) Dt 1/4/22 |
| 2 | നാഷണൽ അലൂമിനിയം 6/350സി | 7 | B2/1410 /22-23(28) Dt 19/5/22 |
| 3 | ബേക്ക് മെൻ ഫുഡ് പ്രൈവറ്റ് 8/255എ),8/255ബി | 7 | RPTL19/4451 /22-23(286) Dt 11/1/23 |
| 4 | ഇ.ജി.ഇ.ടി ഇൻഡ്സ്ട്രീസ് 10/150കെ, 10/150എൽ | 8 | RPTL19/4461 /22-23(285) Dt 4/1/23 |
| 5 | വീ-കെയർ 15/290 | 20 | RPTL-20/1461 /22-23(234) Dt 15/10/22 |
| 6 | പി.പി ബ്രദേഴ്സ് ക്രഷർ മെറ്റൽസ് 10/195 | 15 | B3/1847 /22-23(71) Dt 11/5/2022 |
| 7 | മാരാത്ത് ഇൻഡസ്ട്രീസ് | 6 | B2/1729 /22-23(61) Dt 1/4/2022 |
| 8 | അറേബിയൻ ഫാമിലി റസ്റ്റോറന്റ് 15/528 | 4 | B2/2014 /22-23(84) Dt 1/4/2022 |
| 9 | മെസി അക്വാ മിനറൽസ് 5/310 | 8 | B2/2231 /22-23(93) Dt 1/4/2022 |

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16ൽ (1) പ്രകാരം സെക്രട്ടറിക്ക് തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ ശമ്പളത്തേയോ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെടാവുന്നതാണ്. ഒരു അർദ്ധവർഷത്തെ തൊഴിൽനികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി 1ാം നമ്പർ ഫോറത്തിൽ ഓഫീസ് തലവനോടോ തൊഴിലുടമയോടോ ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച വിവരങ്ങൾ 15 ദിവസത്തിനുള്ളിൽ IIാം നമ്പർ ഫോറത്തിൽ സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. തുടർന്ന് വിവിധ നടപടിക്രമങ്ങൾ പാലിച്ച് ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/27-11-2023ന് സ്ഥാപന ഉടമകൾക്ക് ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ ഹാജരാക്കാൻ നിർദ്ദേശം നല്കി തൊഴിൽ

നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഉപയോഗശൂന്യമായ വാഹനം കൈയൊഴിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

സ.ഉ(എം.എസ്)നം.170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കപ്പൂർ ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ് ബുക്ക്, അനുബന്ധ രേഖകൾ, ചെലവ് രേഖകൾ എന്നിവ ഓഡിറ്റിൽ പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

Jeep ന്റെ രജിസ്ട്രേഷൻ നം. KL-52-C-2110.
തൻവർഷം വാഹനത്തിന്റെ ഇന്ധനത്തിനായി 142535 രൂപയും അറ്റകുറ്റപ്പണികൾക്കും പരിപാലനത്തിനുമായി 88906 രൂപയും ഇൻഷുറൻസിനായി 21725 രൂപയും ചെലവഴിച്ചിട്ടുണ്ട്.
ഇന്ധനത്തിനുള്ള ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ലോഗ്ബുക്ക് മാത്രമാണ് നിലവിൽ സൂക്ഷിച്ചു വരുന്നത്. വർഷത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥയുണ്ട്. ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതിന്റെ സാക്ഷ്യപത്രം ലോഗ് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.
അപാകങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.2/24-11-23) മറുപടിയിൽ ജീപ്പ് 07/23 വരെ മാത്രമെ ഉപയോഗിച്ചിട്ടുള്ളൂവെന്നും നിലവിൽ വാഹനം ഉപയോഗിക്കുവാൻ സാധിക്കാത്തതിനാൽ ലേലം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും അടുത്ത സാമ്പത്തിക വർഷത്തിൽ പുതിയ വാഹനം വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും കൃത്യമായ രേഖകൾ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഉപയോഗശൂന്യമായ വാഹനം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കൈയൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 തുല്യതാ പരിപാടി- മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്
1. പ്രോജക്ട് : 200/22- തുല്യതാ പരിപാടി
അടങ്കൽ : 25000/ – (തനത് ഫണ്ട്)
ചെലവ് : 11000/-
വൗച്ചർ നം.-964 തീയതി 31-03-2023 (ചെക്ക് നം. 349936 തീയതി 31-03-2023)
2. പ്രോജക്ട് : 57/22- തുല്യതാ പരിപാടി
അടങ്കൽ : 50000 രൂപ (തനത് ഫണ്ട്)
ചെലവ് : 17600 രൂപ
വൗച്ചർ.നം-22200142തീയതി 6-6-2022 (ചെക്ക് നമ്പർ-571523 തീയതി 6-6-2022)
പ്രോജക്ട് നം. 200/22 പ്രകാരം 5 പേർക്ക് 2200 രൂപ നിരക്കിൽ ഹയർ

സെക്കന്ററി തുല്യതാ കോഴ്സിനുള്ള ഫീസായ 11000 രൂപയും പ്രോജക്ട് നം.57/22 പ്രകാരം 8 പേർക്ക് 2200 രൂപ നിരക്കിൽ ഹയർ സെക്കന്ററി(രണ്ടാം വർഷം) തുല്യതാ കോഴ്സിനുള്ള ഫീസായ 17600 രൂപയും കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം. 02880100113107-UCBA0000288).

ഗുണഭോക്താക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/28-11-2023 ന് മറുപടി ലഭ്യമാക്കിയില്ല.

തുല്യതാ പരിപാടി പ്രകാരം കേവലം തുക കൈമാറുക എന്ന പ്രവർത്തനം മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതെന്ന് വിലയിരുത്തുന്നു. തുക അനുവദിക്കപ്പെട്ടതിനുശേഷം എല്ലാ ഗുണഭോക്താക്കളും പരീക്ഷ എഴുതിയെന്ന് ഉറപ്പാക്കുക കൂടി ചെയ്യേണ്ടതാണ്. ആവശ്യമായ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-17 ലൈഫ് ഭവനം- അഡീഷണൽ ലിസ്റ്റ്- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

2022-23 സാമ്പത്തിക വർഷം ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് – 149/23-ലൈഫ് ഭവന പദ്ധതി- എസ് സി പി

അടങ്കൽ – 13011255 രൂപ

ചെലവ് – 4390000 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

2022-23 വരെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ വിവിധ ഫേസുകളിലായി എഗ്രിമെന്റിലേർപ്പെട്ട 28 ഗുണഭോക്താക്കളിൽ 20 പേരുടെ ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മുൻ വർഷങ്ങളിൽ എഗ്രിമെന്റ് ചമച്ച് നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നിർമ്മാണം ആരംഭിച്ച വർഷം | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | ശാന്ത, വാർഡ്-10 | 2021-22 | 240000 | 1-10-2022 |
| 2 | വിൻസി രാജേഷ് | 2021-22 | 140000 | 26-02-23 |
| 3 | മിനി സുകുമാരൻ, വാർഡ്- 18 | 2021-22 | 140000 | 26-05-22 |
| 4 | സുനിത മോഹൻ, വാർഡ്-4 | 2021-22 | 300000 | 28-10-22 |
| 5 | ചക്കി എരിയൻ വാർഡ്-3 | 2021-22 | 160000 | 25-05-23 |
| 6 | സുനിത മോഹനൻ | 2021-22 | 210000 | 28-03-23 |
| 7 | ജാനകി വേലായുധൻ | 2021-22 | 40000 | 20-12-22 |

**എ) അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല**

ലൈഫ് ഭവന പദ്ധതി(എസ്. സി) 2021 -22 സാമ്പത്തിക വർഷത്തിൽ എഗ്രിമെന്റ് വെച്ച് അഡ്വാൻസ് കൈപ്പറ്റിയ ഒരു ഗുണഭോക്താവ് നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന് രജിസ്റ്റർ, ഫയലുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. വിശദാംശം ചുവടെചേർക്കുന്നു.

| | |
|---|---|
| ഗുണഭോക്താവിന്റെ പേര് | ശ്രീ.കുട്ടൻ |
| വിലാസം | പുല്ലാണി പറമ്പിൽ |
| വാർഡ് | വാർഡ്-11 |
| കൈപ്പറ്റിയ ആദ്യ ഗഡു, തീയതി | 40,000/-, 09-02-22 |
| എഗ്രിമെന്റ് തീയതി | 19.11.2021 |

ആദ്യ ഗഡു മാത്രമാണ് ഗുണഭോക്താവ് കൈപ്പറ്റിയിട്ടുള്ളത്.
മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/28-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-18 MGNREGS പ്രവൃത്തികൾക്കുള്ള മെറ്റീരിയലുകളുടെ വിതരണക്കാരുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2017 ലെ സി.ജി.എസ്.ടി ആക്ട് വകുപ്പ് 51(1), 2017 ലെ എസ്.ജി.എസ്.ടി ആക്ട് സെക്ഷൻ 51(1) എന്നിവ പ്രകാരം കരാർ തുക 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ ബിൽ തുക നൽകുമ്പോൾ CGST, SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

തൊഴിലുറപ്പ് പദ്ധതി പ്രകാരം മെറ്റീരിയൽ പ്രവൃത്തികൾക്കുള്ള സാധനങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ.ലിജേഷ്.കെ.ആർ എന്ന കരാറുകാരന്റെ ടെണ്ടറാണ് തൻവർഷം അംഗീകരിച്ചിട്ടുള്ളത്.

എഗ്രിമെന്റ് തീയ്യതി- 16/3/22
ജി.എസ്.ടി നം. 32DTSPK9382R1ZG
കരാർ തുക-18,00,000/-
ഒമ്പത് മെറ്റീരിയൽ പ്രവൃത്തികൾ നടപ്പാക്കിയതിൽ 8 എണ്ണത്തിന്റെ തുകയാണ് 2022-23 വർഷത്തിൽ അനുവദിച്ചിട്ടുള്ളത്. ആകെ 1085362 രൂപ വിതരണക്കാരന് അനുവദിച്ചിട്ടുണ്ട്. വിശാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | ബിൽ നം., തീയതി | തുക |
|---|---|---|---|
| 1 | പഴയ വി ഇ ഒ ഓഫീസ് റോഡ് കോൺക്രീറ്റ്- വാർഡ് -11 | 9/10-05-22 | 161107 |
| 2 | മുണ്ടറോട്ട് ക്രഷർ റോഡ് കോൺക്രീറ്റ്- | 1/31-10-22 | 135869 |

| | | | |
|---|---|---|---|
| | വാർഡ്-10 | | |
| 3 | മലമക്കാവിൽ-എരിഞ്ഞിക്കൽ റോഡ് കോൺക്രീറ്റ്-വാർഡ്-16 | 5/10-02-23 | 111987 |
| 4 | കെ ടി റോഡ്-പൂണൂൽപാടം കോൺക്രീറ്റ്-വാർഡ്-13 | 3/1-05-22 | 136106 |
| 5 | പൊട്ടികുന്ന് മനോഹരൻ റോഡ് കോൺക്രീറ്റ്-വാർഡ്-3 | 8/30-08-22 | 131952 |
| 6 | ചേക്കോട്-കൊല്ലത്ത് മേലേതിൽ റോഡ് കോൺക്രീറ്റ്-വാർഡ്-2 | 8/15-03-2023 | 136106 |
| 7 | നരിവാളൻ കുന്ന്-തോണ്ടലിൽ ഇട്ടവഴി റോഡ് കോൺക്രീറ്റ്-വാർഡ്-18 | 3/5-08-2022 | 136106 |
| 8 | മണ്ണേക്കാട്ടിൽറോഡ് കോൺക്രീറ്റ്-വാർഡ്-1 | 7/08-06-2022 | 136129 |
| | ആകെ | 1085362 | |

2022-23 വർഷത്തിൽ വിതരണക്കാരന് നൽകിയ ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 4/27-11-23 ന് മറുപടി ലഭ്യമാക്കിയില്ല.

ബിൽ തുക അനുവദിക്കുമ്പോൾ തന്നെ GST TDS നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമാനുസൃത പിഴ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒടുക്കേണ്ടി വരുന്നതാണ്.
മേൽ വിഷയത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കോക്ലിയർ ഇംപ്ലാന്റേഷൻ- വിനിയോഗ രേഖ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 231/23 (കോക്ലിയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് തുക കേരള സാമൂഹ്യ സുരക്ഷാമിഷന് കൈമാറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 50000/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 43650/- വികസനഫണ്ട്(ജനറൽ) |
| ബിൽനം./തീയതി | 18/04.03.2023, 43650/- |

ശ്രവണ വൈകല്യമുള്ള ഒരു ഗുണഭോക്താവിന് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുന്നതിനായി 43650/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 701011400000134 എന്ന ട്രഷറി അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താവിന്റെ ആവശ്യത്തിനായി സോഷ്യൽ സെക്യൂരിറ്റി മിഷൻ തുക വിനിയോഗിച്ചതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/27.11.2023) മറുപടി ലഭിച്ചിട്ടില്ല.

കൈമാറിയ തുകയുടെ വിനിയോഗ രേഖ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-20 ഡയാലിസിസ് യൂണിറ്റിന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| പ്രോജക്ട് നം. | 193/23(ഡയാലിസിസ് യൂണിറ്റിന് വിഹിതം നൽകൽ) |
| അടങ്കൽ | 100000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 100000/- (വികസനഫണ്ട്-ജനറൽ) |
| ബിൽ നം./ തീയതി | 119/13.12.2022 |

ചാലിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി 100000/- രൂപ തൃത്താല ഡയാലിസിസ് പേഷ്യന്റ്സ് വെൽഫയർ സൊസൈറ്റിയുടെ അക്കൗണ്ടിലേക്ക് (6726465831 5) കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/27.11.2023) മറുപടി ലഭിച്ചിട്ടില്ല.

കൈമാറിയ തുകയുടെ വിനിയോഗ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 പാലിയേറ്റീവ് കെയർ-ഡ്രൈവർക്ക് അധിക വേതനം നൽകി

| | |
|---|---|
| പ്രോജക്ട് നം. | 50/23 (സാന്ത്വനപരിചരണം) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| അടങ്കൽ | 1000000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 963090/- (വികസനഫണ്ട്-ജനറൽ) |

പാലിയേറ്റീവ് പരിചരണ യൂണിറ്റിന്റെ പ്രവർത്തനത്തിനായി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച KL.52F.7777 ജീപ്പാണ് ഉപയോഗിക്കുന്നത്. വാഹനം ഓടിക്കുന്നതിന് സ്ഥിരം ജീവനക്കാരൻ ഇല്ലാത്തതിനാൽ കരാറടിസ്ഥാനത്തിൽ ഒരാളെ നിയമിക്കുകയും ഹോംകെയറിന് പോകുന്ന ദിവസങ്ങളിൽ 730/- രൂപ വീതം നൽകുകയും ചെയ്യുന്നുണ്ട്. രേഖകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കണ്ടെത്തി.

1) ഡ്രൈവറായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2) ഹോംകെയർ രജിസ്റ്റർ പരിശോധിച്ചതിൽ ഹോംകെയർ പ്രവർത്തനങ്ങൾക്കായി പോയ ദിവസങ്ങളേക്കാളും കൂടുതൽ ദിവസത്തേയ്ക്ക് ഡ്രൈവർക്ക് വേതനം നൽകിയിട്ടുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഹോംകെയറിന് | വേതനം | ബിൽ |
|---|---|---|---|

| | പോയ ദിവസങ്ങൾ | നൽകിയത് (ദിവസം) | നം/ തീയതി. |
|---|---|---|---|
| 2022 സെപ്തംബർ | 1, 2, 5, 6, 10, 12, 13, 16, 17, 19, 20, 22, 24, 27, 28, 29 (16 Days) | 17 | 6/ 01.10.2022 |
| 2022 നവംബർ | 3, 4, 7, 8, 10, 11, 14, 15, 17, 18, 19, 22, 24, 25, 28, 29 (16 Days) | 17 | 12/ 30.11.2022 |
| 2023 ജനുവരി | 5, 6, 7, 9, 10, 12, 13, 16, 17, 19, 22, 23, 25, 27, 28, 30(16 Days) | 17 | 24/ 02.02.2023 |
| 2023 ഫെബ്രുവരി | 3, 4, 6, 7, 9, 10, 13, 14, 16, 20, 21, 23, 24, 25, 28, 27 (16 Days) | 17 | 33/ 15.03.2023 |
| 2023 മാർച്ച് | 3, 4, 6, 7, 9, 10, 14, 16, 18, 20, 21, 23, 24, 25, 28, 29 (16 Days) | 17 | 34/ 29.03.2023 |

അധികം നൽകിയ ആകെ തുക – 3650/- രൂപ (5x730)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/27.11.2023) മറുപടി ലഭിച്ചിട്ടില്ല. അധികമായി നൽകിയ 3650/- രൂപ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## <u>1-22 പാലിയേറ്റീവ് കെയർ പദ്ധതി - വാഹന പരിപാലനത്തിലെ അപാകതകൾ</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ സ.ഉ(എം.എസ്)നം.170/2007/ത.സ്വ.ഭ.വ തിയതി 30.6.2007 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

പാലിയേറ്റീവ് പരിചരണ യൂണിറ്റിന്റെ പ്രവർത്തനത്തിനായി ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച KL.52F.7777 എന്ന ജീപ്പാണ് ഉപയോഗിക്കുന്നത്. വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കണ്ടെത്തി.

1) ഉത്തരവിലെ ഖണ്ഡിക നം. 9 പ്രകാരം കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്.

വാഹനത്തിന്റെ ലോഗ്ബുക്കിൽ കസ്റ്റോഡിയൻ ഓഫീസർ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

2) ഉത്തരവിലെ ഖണ്ഡിക നം. 11 പ്രകാരം ആറുമാസത്തിൽ ഒരിക്കൽ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തേണ്ടതും ആയത് ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ലോഗ്ബുക്കിൽ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

3) വാഹന പുക ടെസ്റ്റ്- വാഹനങ്ങളുടെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ

നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

4) ഒരോ യാത്രയും ഡ്രൈവർ ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും ആയത് യാത്ര ചെയ്ത ആളോ, ആളുകളോ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം ചെയ്തിട്ടില്ല.

5) ലോഗ് ബുക്കിൽ വാഹനത്തിന്റെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/27.11.2023) മറുപടി ലഭിച്ചിട്ടില്ല.
അപാകങ്ങൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

**1-23 എ.ബി.സി പ്രോഗ്രാം വിനിയോഗ വിവരം ലഭ്യമായില്ല**

| | |
|---|---|
| പ്രോജക്ട് നം. | 232/23 (എ).ബി.സി പ്രോഗ്രാം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 200000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 200000/- (വികസനഫണ്ട്-ജനറൽ) |
| ബിൽ നം../ തിയതി | 6/28.12.2022, ₹.200000/- |

തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനുള്ള എ.ബി.സി പ്രോഗ്രാമിന്റെ ഭാഗമായി 2022-23 വർഷത്തിൽ 200000/- രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. (അക്കൗണ്ട് നം.799011400002200)
കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/28.11.2023) മറുപടി ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**1-24 കറവപ്പശുക്കൾക്കുള്ള കാലിത്തീറ്റ പൂർണ്ണമായും വിതരണം ചെയ്തില്ല**

| | |
|---|---|
| പ്രോജക്ട് നം. | 209/23 ( കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 1150000/- (575000-വികസന ഫണ്ട്-ജനറൽ, 575000-മറ്റുള്ളവ) |
| ചെലവ് | 1011376/- (505688-വികസന ഫണ്ട്-ജനറൽ, 505688-മറ്റുള്ളവ) |
| ബിൽ നം./ തിയതി | <u>വികസന ഫണ്ട്</u><br>9/20.02.2023, ₹.217620/-<br>12/24.03.2023, 104625/-<br>18/28.03.2023, 183443/-<br><u>ഗുണഭോക്തൃ വിഹിതം</u><br>വൗച്ചർ നം.852/06.03.23, 217620/-<br>വൗച്ചർ നം.945/31.03.23,104625/- |

| | |
|---|---|
| | വൗച്ചർ നം.954/31.03.23,183443/- |

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ 17.11.2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം 205 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. കേരള ഫീഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്. 50 കിലോ തൂക്കമുള്ള ഒരു ചാക്ക് കാലിത്തീറ്റയുടെ വില 1395/- രൂപയാണ്. വാങ്ങിയ കാലിത്തീറ്റയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | വാങ്ങിയ കാലിത്തീറ്റ (50 Kg/bag) |
|---|---|---|
| 1 | KFLPI-22-23-050408, 07.02.2023 | 312 |
| 2 | KFLPI-22-23-054996, 01.03.2023 | 150 |
| 3 | KFLPI-22-23-060073, 24.03.2023 | 263 |
| | ആകെ | 725 |

കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം 696 ചാക്കുകളാണ് വിതരണം ചെയ്തിട്ടുള്ളത്. 29 ചാക്കുകളുടെ വിതരണ വിവരം രേഖപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/28.11.2023) മറുപടി ലഭിച്ചിട്ടില്ല.

വിതരണം ചെയ്യുവാൻ ബാക്കിയുള്ള കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട് തൻവർഷം അംഗീകാരം ലഭ്യമാക്കിയ 133 പ്രവൃത്തികളിൽ 103 എണ്ണത്തിന് തുക ചെലവഴിച്ചിട്ടുണ്ട് (77%). വകയിരുത്തിയ 4.22 കോടി രൂപയിൽ 2.69 കോടി രൂപയാണ് തൻവർഷത്തെ ചെലവ്. 64% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

**മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം**

തൻവർഷം ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.
റോഡ് പ്രവൃത്തികൾ - 80%
കെട്ടിടങ്ങൾ – 16 %
മറ്റ് പ്രോജക്ടുകൾ - 4 %

തൻവർഷത്തെ പ്രോജക്ടുകളിൽ 31% സ്പിൽ ഓവറും 60% പുതിയവയുമാണ്. തൻവർഷം 23% പ്രവൃത്തികൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവർ ആയി മാറിയിട്ടുണ്ട്.

ഫയലുകൾ പരിശോധിച്ചതിൽ കാലഹരണപ്പെട്ട വ്യവസ്ഥകൾ എഗ്രിമെന്റിൽ നിന്നും ഒഴിവാക്കിയിട്ടില്ലെന്നും പല ഫയലുകളിലും സാങ്കേതികാനുമതി ഫോറങ്ങൾ സൂക്ഷിച്ചിട്ടില്ലെന്നും കണ്ടെത്തി. ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും ഈടാക്കുന്ന ടാർ ബാരലുകളുടെ

വിലയുടെ ജി.എസ്.ടി പ്രത്യേകം സൂചിപ്പിക്കാതെയാണ് സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളത്. ആയതിനാൽ ബാരലുകളുടെ ജി.എസ്.ടി ഒടുക്കാതിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

മേൽ വിഷയങ്ങളിൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12(1)/27-11-2023 നുള്ള മറുപടിയിൽ പദ്ധതികളുടെ എണ്ണക്കൂടുതലും ജീവനക്കാരുടെ കുറവും അപാകങ്ങൾക്ക് കാരണമായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

കുറഞ്ഞ അടങ്കൽ വകയിരുത്തി കൂടുതൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കുന്ന വിധത്തിൽ ആസൂത്രണ നടപടികൾ കാര്യക്ഷമമാക്കുവാൻ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

മറ്റ് അപാകങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ടേക് എ ബ്രേക് ശൗചാലയം - ലക്ഷ്യം കൈവരിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്

പ്രൊ.നം. 88/23-ടേക് എ ബ്രേക്
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ
കരാറുകാരൻ - ശ്രീ. രാജൻ.കെ
എഗ്രിമെന്റ് നം. 48/10-02-2022
അടങ്കൽ - 1715000 (CFC-1158010, കേന്ദ്രാവിഷ്കൃതം - 256990, സംസ്ഥാനം - 300000)
ചെലവ് - 1405772 (Rs. 621706 (CFC ബിൽ നം. 20015/15-102022), Rs.536304 (CFC-നം.48036/14-3-23), Rs. 247762 (കേന്ദ്രാവിഷ്കൃതം-നം. 2761/29-3-23)
അളവു പുസ്തകം നം. 3/20-21, 9/20-21

46 ച.മീ വിസ്തൃതിയിൽ പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനു സമീപമാണ് ടേക്ക് എ ബ്രേക് ശൗചാലയം നിർമ്മിക്കുന്നത്. എസ്റ്റിമേറ്റിൽ 26000 രൂപ ഇലക്ട്രിഫിക്കേഷനും 30531 രൂപ ലാന്റ് സ്കേപ്പിംഗിനും വേണ്ടി വകയിരുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. ശൗചാലയത്തിന്റ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്.

മേൽ വിഷയങ്ങളിൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12(2)/27-11-2023 നുള്ള മറുപടിയിൽ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം നിലവിൽ വൈദ്യുതീകരണം, പ്ലംബിംഗ് എന്നിവ നടന്നുകൊണ്ടിരിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്.

സ.ഉ(സാധാ)നം.1401/2020/തസ്വഭവ തിയതി 27-07-2020 ലെ മാർഗ്ഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ശൗചാലയത്തിന്റെ അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിച്ച് നിശ്ചിത തുക യൂസർ ഫീസ് നിശ്ചയിച്ച് പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തിയുടെ സൈറ്റ് ഹാന്റ്ഓവർ ചെയ്തതിൽ കാലതാമസം

പ്രൊ.നം. 86/23-പോസ്റ്റ് ഓഫീസ് പള്ളിത്താഴം റോഡ് സൈഡ് കെട്ടി സംരക്ഷിക്കൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ
കരാറുകാരൻ - ശ്രീ. സുബ്രമണ്യൻ.എം
എഗ്രിമെന്റ് നം. 33/28-12-2021
അടങ്കൽ - 500000 (MG-Road-483000, General - 17000)
ചെലവ് - 339359 (Bill No.20025/13-1-2023)
അളവു പുസ്തകം നം. 50/20-21

കരാറുകാരനുമായി 28-12-2021 ന് എഗ്രിമെന്റ് ചമച്ചുവെങ്കിലും സൈറ്റ് ഹാന്റ് ഓവർ ചെയ്തത് (അപ്പന്റിക്സ് XVI(A) പ്രകാരം) 1-7-2022 നാണ്.

എഗ്രിമെന്റ് ചമച്ചതിനുശേഷം കരാറുകാരനോ ചുമതലപ്പെടുത്തുന്ന വ്യക്തിയോ പത്ത് ദിവസത്തിനകം അസി.എഞ്ചിനിയറിൽ നിന്നും സൈറ്റ് ഏറ്റെടുക്കേണ്ടതാണെന്ന് കേരള PWD മാന്വൽ 2012 ലെ സെക്ഷൻ 2102.1 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അതിർത്തി പ്രശ്നം, ജലത്തിന്റെ സുഗമമായ ഒഴുക്കിന് തടസ്സം നിൽക്കുന്ന മരം വെട്ടി മാറ്റുന്നതിലെ കാലതാമസം എന്നിവ കാരണം സൈറ്റ് ഹാന്റ് ഓവർ ചെയ്തത് 01-07-2022 ന് മാത്രമാണ്.

PWD മാന്വലിൽ സൂചിപ്പിച്ചിരിക്കുന്ന സമയപരിധിക്കകം കരാറുകാരന് സൈറ്റ് ഏറ്റെടുക്കുവാൻ പര്യാപ്തമായ വിധത്തിൽ സൈറ്റ് ഒരുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. സൈറ്റ് കണ്ടീഷൻ പൂർണ്ണമായും വിലയിരുത്താതെയും സൈറ്റിന്റെ ഉടമസ്ഥാവകാശം ഉറപ്പിക്കാതെയുമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ ആറു മാസം കൊണ്ട് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി 22-12-2022 നാണ് പൂർത്തികരിച്ചത്.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12(3)/27-11-2023 നുള്ള മറുപടിയിൽ കരാറുകാരന്റെ കാരണം അല്ലാത്തതിനാലാണ് സൈറ്റ് ഹാന്റ് ഓവർ ചെയ്യുവാൻ വൈകിയതെന്ന് അറിയിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 2012 ലെ PWD മാന്വലിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## <u>1-28 തുമ്പൂർമുഴി മാലിന്യ സംസ്കരണ പ്ലാന്റുകളുടെ തുടർപരിപാലനം ഉറപ്പാക്കേണ്ടതാണ്</u>

പ്രൊ.നം. 97/23- തുമ്പൂർമുഴി മാലിന്യ സംസ്കരണ പ്ലാന്റ്
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ
അടങ്കൽ - 630000 രൂപ (കേന്ദ്രാവിഷ്കൃതം)
നിർവ്വഹണ ഏജൻസി - ഐ.ആർ.ടി.സി, മുണ്ടൂർ
എഗ്രിമെന്റ് നം. 69/16-03-2022
ചെലവ് - 610449 (Rs.125405 ബിൽ നം.4453/2-12-2022, Rs.485044 ബിൽ നം.3032/31-3-23)
അളവു പുസ്തകം നം. 29/22-23

കപ്പൂർ ഗ്രാമപഞ്ചായത്തിലെ മൈലാടിക്കുന്ന് കോളനി, പാറക്കളം 4 സെന്റ് കോളനി എന്നിവിടങ്ങളിൽ എയ്റോബിക് കംപോസ്റ്റ് ബിന്നുകൾ

സ്ഥാപിക്കുന്നതിനായി ലക്ഷ്യമിടുകയും 10-12-2021 ലെ തീരുമാനം നം. 1(2) പ്രകാരം നിർവ്വഹണ ഏജൻസിയായ മുണ്ടൂർ ഐ.ആർ.ടി.സി യുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റിൽ ഷെഡ് നിർമ്മാണത്തിനായി 437861 രൂപയും എയ്റോബിക് കംപോസ്റ്റ് ബിൻ സ്ഥാപിക്കുന്നതിനായി 73712 രൂപയും മാനേജ്മെന്റ് ചാർജ്ജ് ആയി 41470 രൂപയും മറ്റ് ചെലവുകൾക്കായി 7000 രൂപയും വകയിരുത്തിയിട്ടുണ്ട്.

ഷെഡ് നിർമ്മാണം, എയ്റോബിക് ബിൻ നിർമ്മാണം എന്നീ പ്രവൃത്തികൾ ഐ.ആർ.ടി.സി പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാന്റുകളുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12(4)/27-11-2023 നുള്ള മറുപടിയിൽ പ്ലാന്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

പ്ലാന്റുകളുടെ തുടർപരിപാലനം ഉറപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ആവശ്യമായ സജ്ജീകരണം ഏർപ്പെടുത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

**എ) ഇൻകം ടാക്സ് ടി.ഡി.എസ് നടത്തിയതിൽ കുറവ്**

പ്രവൃത്തിയുടെ ആകെ പ്രവൃത്തി മൂല്യം 610449 രൂപയാണ്. ആയതിന്റെ 1% ആയ 6104 രൂപയാണ് ഐ.ടി ആയി ഈടാക്കിയിരിക്കുന്നത്. Income-tax Act, 1961 Section 194C പ്രകാരം വ്യക്തികൾ അല്ലാത്തവർക്ക് ബാധകമായ ഐ.ടി 2% ആണ്.

1% നിരക്കിൽ ഐ.ടി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ അറിവില്ലായ്മ കാരണമാണ് അപാകം സംഭവിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സ്ഥാപനങ്ങൾക്ക് ബാധകമായ ടി.ഡി.എസ് നടത്തുന്നതിൽ വീഴ്ച വരുത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-29 VEO, കൃഷി ഓഫീസ് നവീകരണം - പൊളിച്ചു മാറ്റിയ മരം, സ്റ്റീൽ സാമഗ്രികൾ കയ്യൊഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല**

പ്രൊ.നം. 78/23- VEO, കൃഷി ഓഫീസ് നവീകരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ
അടങ്കൽ - 300000 രൂപ (MG-Non Road)
കരാറുകാരൻ - ശ്രീ.ലിജീഷ്.ആർ.കെ
എഗ്രിമെന്റ് നം.34/1-7-2022
ചെലവ് - 298222രൂപ
ബിൽ നം.12200/13-1-2023
അളവു പുസ്തകം നം. 07/20-21

അളവു പുസ്തകത്തിലെ ഇനം 1 പ്രകാരം (പേജ് നം. 1) മരത്തിന്റെ ജനൽ, വാതിൽ എന്നിവ ഒന്ന് വീതവും 3.5 $M^2$ Window Shutter, ഇനം E12 പ്രകാരം 32 Kg സ്റ്റീൽ സാമഗ്രികൾ എന്നിവ ഇളക്കി മാറ്റിയിട്ടുണ്ട്. ഇളക്കി മാറ്റിയ സാമഗ്രികൾ കയ്യൊഴിച്ചതിന്റെ വിവരം എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 12(6)/27-11-2023 നുള്ള മറുപടിയിൽ മേൽ

സാമഗ്രികളുടെ വാല്യുവേഷൻ റിപ്പോർട്ട് സെക്രട്ടറിക്ക് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സാമഗ്രികൾ ലേലനടപടികളിലൂടെ കയ്യൊഴിച്ച് ലഭ്യമായ തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ കൂടി ലഭ്യമാക്കേണ്ടതാണ്.

## 1-30 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - ഫലപ്രാപ്തി ഉറപ്പാക്കേണ്ടതാണ്

പ്രൊ.നം. 281/23-റോഡ് കണക്ടിവിറ്റി മാപ്പിംഗ് - തുക നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ
അടങ്കൽ - 54000 രൂപ (തനത് ഫണ്ട്)
ചെലവ് - 40000 (ബിൽ നം.3017/28-3-23)
റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി 40000 രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീ.രഞ്ജിത്.കെ.വി, കല്ലടത്തൂർ എന്നയാളെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

അക്കൗണ്ട് നം.33111973334

ചുമതല ഏറ്റെടുത്ത വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടതായും പ്രവൃത്തി പൂർത്തീകരിച്ചതായും കാണുന്നില്ല.

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12(7)/27-11-2023 നുള്ള മറുപടിയിൽ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ വേരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്.

ചെലവഴിച്ച തുകയുടെ ഫലപ്രാപ്തി ഉറപ്പാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയില്ല

തൻവർഷം പൂർത്തീകരിച്ച വിവിധ ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരുടെ ബില്ലുകളിൽ നിന്നും ബാരലിന്റെ വിലയും ജി.എസ്.ടി യും ഉൾപ്പെടെ ബാരൽ ഒന്നിന് 283 രൂപ വീതം കണക്കാക്കി ആകെ 43831 രൂപ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (ഹെഡ്-150120102). ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്താതെയാണ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളത്.

ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 12(9)/27-11-2023 നുള്ള മറുപടിയിൽ തുടർന്നുള്ള പ്രവൃത്തികളുടെ തുക അനുവദിക്കുമ്പോൾ ജി.എസ്.ടി പ്രത്യേകം സൂചിപ്പിച്ച് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കുറവു ചെയ്ത ജി.എസ്.ടി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ 2017 ലെ SGST/CGST നിയമം സെക്ഷൻ 51(6) പ്രകാരമുള്ള പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഈടാക്കിയ നികുതി കൃത്യമായി ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-32 അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയില്ല

അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ (നം. 36548431846-SBI) നിലവിലെ നീക്കിയിരിപ്പ് 78152 രൂപയാണ്. ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭ്യമായ തുക ഈ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

ഓഡിറ്റ് അന്വേഷണം നം. 12(10)/27-11-2023 ന് മറുപടി ലഭ്യമായില്ല.

അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറ്റി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 22-11-2023 മുതൽ 30-11-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തൃത്താല ബ്ലോക്ക് | 2020 -21 | 509334 | ലൈഫ് | 0 | 509334 |
| | 2022 -23 | 491000 | 126/23-ഉഴവുകൂലി | 491000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | 190000 | 123/23-ഭിന്നശേഷി സ്കോളർഷിപ്പ് | 190000 | 0 |
| | | 26400 | 130/23-ഭിന്നശേഷി സ്കോളർഷിപ്പ് | 26400 | 0 |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | 2019 -22 | 219812 | നെൽകൃഷിക്ക് കൂലിച്ചെലവ് | 0 | 219812 |
| | 2022 -23 | 30000 | ആശ്രയ | 0 | 30000 |
| | | 703250 | 126/23-ഉഴവുകൂലി | 703250 | 0 |
| | | 1000000 | 40/23-ലൈഫ് ഭവനം -SCP | 1000000 | 0 |
| | | 720000 | 149/23-ലൈഫ് ഭവനം -SCP | 720000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 4974087 | 0 | 4974087 | 1345688 | 0 | 3628399 |

(*) നാല് ജി.ഒ പ്രോജക്ടുകൾ പ്രകാരമുള്ള തുക.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

മുന്നിരിപ്പ് – 817594 രൂപ

തൻവർഷത്തെ നിക്ഷേപം – 24247

ആകെ – 841841 രൂപ

തൻവർഷം പിൻവലിച്ചത് – 0

നീക്കിയിരിപ്പ് – 841841 രൂപ

FD No. 0030436/10-10-2022 – Kerala State Co-Operative Bank

കാലാവധി

10-10-2022 മുതൽ 10-10-2023 വരെ

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 1835 രൂപയുടെ വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. /തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|---|
| 2021-22 | 1-31(1) | 1835 | 1220105925/ 28-3-23 | ശ്രീമതി.ജിഷ.എം.വി, അസി.എഞ്ചിനീയർ |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2014-15 2-1 | 2016-17 | അനുബന്ധം-4 തൊഴിൽ നികുതി അവലോകനം | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല |
| 2015-16 2-1 | 2016-17 | അനുബന്ധം-5 തൊഴിൽ നികുതി അവലോകനം | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 47617048 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 40094566 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ

നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFP6-18568/00/11-12-00 | 48 |
| 1998-99 | LFP6-18568/00/11-12-00 | |
| 1999-00 | LFP11-28/05/29-08-2005 | |
| 2000-01 | LFP11-733/06/16-10-2006 | 36 |
| 2001-02 | LFP11-734/06/16-10-2006 | |
| 2002-03 | LFP11-1617/08/2-1-2010 | |
| 2003-04 | LFP11-1618/08/2-1-2010 | |
| 2004-05 | LFP11-1619/08/2-1-2010 | |
| 2005-06 | LFP20-1006/11/3011-11 | |
| 2006-07 | LFP20-1007/11/3011-11 | |
| 2007-08 | LFP20-1008/11/30-11-11 | |
| 2008-09 | LFP20-75/13/22-3-13 | |
| 2009-10 | LFP20-75/13/22-3-13 | |
| 2010-11 | LF6-20/75/13/22-3-13 | 26 |
| 2011-12 | LFP20-1276/14/10-10-2014 | |
| 2012-13 | LFP20/882/15/26-08-2015 | 16 |
| 2013-14& 2014-15 | KSA-PKD20/1103/2016 /31-07-2016 | 18 |
| 2015-16 | KSA-PKD20/90/2017/12-1-17 | 15 |
| 2016-17 | KSA-PKD20/1815/17 /12-10-17 | 11 |
| 2017-18 | KSA-PKD20/858/2019/17-8-19 | 19 |
| 2018-19 | KSA-PKD20-196/2021 Dt.15-3-21 | 21 |
| 2019-20 | KSA-PKD20-1260/2022 Dtd 07-07-2022 | 18 |
| 2020-21 | KSA-PKD20-1261/2022 Dtd 07-07-2022 | 13 |
| 2021-22 | KSA-PKD.20/475/23/10-4-23 | 28 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 2 dated 2 dated 11-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kappur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kappur Grama Panchayat for the year 2022-2023

**Date: 19/12/2023** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kappur Grama Panchayat for the Year 2022-2023.

### 1.Major Observations

-

### 2.Other Observations

1. Notes on accounts as per Rule 62(e) of Kerala Panchayath Raj(Accounts) Rules, 2011 not included with AFS.

2. As per Cash flow statement "Net increase/decrease in cash and cash equivalents is Rs 7522482/-.
But in the same statement "Net cash generated by Operating+Investing+Financing Activity is shown as Rs.3566100/-. Eventhough both the figures should match as per accounting standards, there exists difference in the statement submitted.

3. Asset Register not updated and linked with ILGMS. Hence the figures shown against assets in Balance Sheet could not be ascertained.
4. Unspent amount of Block panchayat share is Rs.5,09,334/- and that of Dist panchayat share is Rs 2,49,812/-. But the amounts are not reflected in JointVenture Account shown in RP40(b), and B17 Schedule.

5. Beneficiary Contribution balance shown in B-4 is incorrect.
Unspent Beneficiary Contribution as per 2021-22 B-4 schedule is Rs792200/-. As per RP(30) of current year, Beneficiary contribution receipt is Rs 1086338/-. Expenditure for various projects is Rs.1194316/-. Unspent amount is Rs.684222/-. But, beneficiary contribution balance as per B-4 schedule is 858012/-.
6. Health grant-diagnostic Infrastructure to the PHCs & towards conversion of PHCs and Subcentres in to Health and Wellness Centres wrongly accounted under the head National Health Mission(320100139) and 320100149
7. annual abstract not prepared and certified by the Secretary in the Advance register and Deposit register.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3
# വാർഷിക ധനകാര്യ പത്രിക-വിവിധ സംക്ഷിപ്ത പത്രികകൾ

1)

| Kappur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 20930601.00 |
| Cash | Cash | RP-40(a) | 133917.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 925280.00 |
| 140000000 | Fees & User Charges | RP-4 | 746978.00 |
| 150000000 | Sale & Hire Charges | RP-5 | 189066.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 15687288.00 |
| 171000000 | Interest Earned | RP-9 | 410288.00 |
| 190000000 | Prior Period Income | RP-11 | 42202.00 |
| 220000000 | Administrative Expenses | RP-13 | 21.00 |
| 311000000 | Earmarked Funds | RP-28 | 372.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14136273.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 14674388.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 1835.00 |
| 340000000 | Deposits Received | RP-33 | 94552.00 |
| 350000000 | Other Liabilities | RP-35 | 708505.00 |
| | **Grand total** | | **68681566.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-12 | 126290.00 |
| 220000000 | Administrative Expenses | RP-13 | 1350.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 2496.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 40000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 13056454.00 |
| 460000000 | Loans, Advances and Deposits | RP-49 | 410832.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 50250.00 |
| 350000000 | Other Liabilities | RP-35 | 26406894.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 28494721.00 |
| Cash | Cash | RP-40(b) | 92279.00 |
| | **Grand Total** | | **68681566.00** |

2)

| | | | |
|---|---|---|---|
| | **Kappur Grama Panchayat INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2022 to 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 6070184.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 203352.00 |
| 140000000 | Fee & User Charges | I-4 | 960180.00 |
| 150000000 | Sale & Hire Charges | I-5 | 189066.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 134313060.00 |
| 170000000 | Income from Investments | I-7 | 75254.00 |
| 171000000 | Interest Earned | I-8 | 410288.00 |
| 180000000 | Other Income | I-9 | 1835.00 |
| 190000000 | Prior Period Income | I-19 | 42202.00 |
| | **Total Income** | | **142223219.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 10896286.00 |
| 220000000 | Administrative Expenses | I-11 | 1204476.00 |
| 230000000 | Operations & Maintenance | I-12 | 1769807.00 |
| 240000000 | Interest & Finance Charges | I-13 | 1476.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7991366.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 25389713.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 12850419.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 0.0 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 49546589.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 16504171.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 9272245.00 |
| | **Total Expenditure** | | **135426548.00** |
| | **Gross Surplus / Deficit of income over Expenditure** | | **6796671.00** |
| | **Gross Surplus / Deficit of income over Expenditure** | | **6838853.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -20.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **42182.00** |

3)

| | | | |
|---|---|---|---|
| | **Kappur Grama Panchayat**<br>**BALANCE SHEET** | | |
| | As on 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 32470173.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 9654.00 |
| 312000000 | Reserves | B-3 | 55988065.00 |
| | **Total Reserve & Surplus** | | **88467892.30** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 10897029.00 |
| | **Total Grants, Contributions for Specific Purposes** | | **10897029.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 3628399.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **3628399.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 655685.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2681451.70 |
| 360000000 | Provisions | B-10 | 205155.00 |
| | **Total Current Liabilities and Provisions** | | **3542291.70** |
| | **TOTAL LIABILITIES** | | **106535612.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 140000.00 |
| 412000000 | Capital Work in Progress | B-11(b) | 118223.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1121647.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 9895302.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 85241723.00 |
| 416000000 | Accumulated Depreciation | B-11(a) | -38750358.00 |
| | **Total Fixed Assets** | | **57766537.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 841814.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **841814.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 13330996.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 3994319.00 |
| 450000000 | Cash and Bank Balance | B-17 | 28587000.00 |
| 460000000 | Loans, Advances and Deposits | B-18 | 2014946.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **47927261.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **106535612.00** |

Deputy Director